REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മികച്ച പോളിംഗ്. ഉച്ചയ്ക്കു മുൻപു വരെ 30 ശതമാനത്തിലേറെ പേർ വോട്ടു ചെയ്തു.
- ഇറാനിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി മടക്കിയെത്തിക്കാൻ ശ്രമം പുരോഗമിക്കുകയാണെന്ന് കേന്ദ്രസഹമന്ത്രി കീർത്തിവർദ്ധൻ സിംഗ്.
- വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡുകൾ വേഗത്തിൽ വിതരണം ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ മാനദണ്ഡം നിശ്ചയിച്ചു.
- ഇന്ന് ലോക സിക്കിൾ സെൽ രോഗ അവബോധ ദിനം.
- പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പുകൾക്ക് 39 കോടി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി V.ശിവൻകുട്ടി.

## വാർത്തകൾ വിശദമായി

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പോളിംഗ് സമാധാനപരമായി പുരോഗമിക്കുന്നു. ഉച്ചയ്ക്കു മുമ്പു വരെ 30 ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തിയെന്നാണ് ഔദ്യോഗിക കണക്ക്. രാവിലെ മുതൽ തന്നെ ബൂത്തുകൾക്ക് മുന്നിൽ സമ്മതിദായകരുടെ നീണ്ട നിര ദൃശ്യമായിരുന്നു. കാലാവസ്ഥ പ്രതികൂലമായിട്ടും ജനം ബൂത്തിലേക്ക് ഒഴുകിയെത്തിയത് തിരഞ്ഞെടുപ്പിന്റെ വീറും വാശിയും പ്രകടമാക്കി.

മൂന്ന് മുന്നണികളുടെയും സ്ഥാനാർഥികൾ രാവിലെ തന്നെ സമ്മതിദാനാവകാശം വിനിയോഗിച്ചു. LDF സ്ഥാനാർത്ഥി M.സ്വരാജ്

**മാങ്കുത്ത് GLP സ്കൂളിലും UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് ഗവൺമെന്റ് വീട്ടികുത്ത് GLP സ്കൂളിലും NDA സ്ഥാനാർത്ഥി മോഹൻജോർജ്ജ് ചുങ്കത്തറ മാർത്തോമ ഹയർസെക്കൻഡറി സ്കൂളിലും വോട്ട് രേഖപ്പെടുത്തി. സ്വതന്ത്ര സ്ഥാനാർഥിയും മണ്ഡലത്തിലെ മുൻ MLA യുമായ P.V അൻവറിന് നിലമ്പൂരിൽ വോട്ടില്ല. പത്ത് സ്ഥാനാർഥികളാണ് നിലമ്പൂരിൽ ജനവിധി തേടുന്നത്.**

**263 പോളിംഗ് ബൂത്തുകളിലാണ് വോട്ടെടുപ്പ് നടക്കുന്നത്. പോളിംഗ് വൈകിട്ട് ആറു മണിക്ക് അവസാനിക്കും.**

**ആകാശവാണി പ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.**

**.......(വോയ്സ്).....**

✪✪✪

**സംഘർഷഭരിതമായ ഇറാനിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി മടക്കിയെത്തിക്കുന്ന ശ്രമം പുരോഗമിക്കുകയാണെന്ന് കേന്ദ്രസഹമന്ത്രി കീർത്തിവർദ്ധൻ സിംഗ് ന്യൂഡൽഹിയിൽ അറിയിച്ചു. 110 വിദ്യാർത്ഥികളുമായി ആദ്യവിമാനം പുലർച്ചെ ഡൽഹിയിൽ എത്തിയിരുന്നു. ഓപ്പറേഷൻ സിന്ധു ദൗത്യത്തിൽ ഇന്ത്യൻ പൗരന്മാരുമായി മറ്റൊരു വിമാനം ഇന്ന് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. 350ഓളം ഇന്ത്യൻ പൗരന്മാർ ഇറാനിൽ നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ട് മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ഇന്ന് തുർക്ക്മെനിസ്ഥാനിലേക്ക് ഒരു വിമാനം അയച്ച് അവിടെ കുടുങ്ങിപ്പോയവരെ തിരികെയെത്തിക്കുമെന്നും കീർത്തിവർദ്ധൻ സിംഗ് അറിയിച്ചു.**

✪✪✪

**ഇറാൻ- ഇസ്രയേൽ സംഘർഷത്തിൽ അയവു വരുത്തി ഉടൻ വെടിനിർത്തൽ പ്രാബല്യത്തിൽ വരുത്തണമെന്ന് ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ആവർത്തിച്ച് ആവശ്യപ്പെട്ടു. സംഘർഷത്തെ കൂടുതൽ അന്താരാഷ്ട്രീയമായി വളർത്തരുതെന്നും ഗുട്ടറസ് ലോക രാജ്യങ്ങളോട് ആവശ്യപ്പെട്ടു. സൈനികസംഘർഷം വർദ്ധിക്കുന്നത് രാജ്യാന്തര സമാധാനത്തിനും, സുരക്ഷയ്ക്കും ഭീഷണിയാകുമെന്ന് അദ്ദേഹം വിലയിരുത്തി. സിവിലിയൻമാർക്കുണ്ടാകുന്ന ജീവഹാനിയെയും പരിക്കിനെയും**

അപലപിച്ച ഗുട്ടറസ്, നയതന്ത്ര ശ്രമങ്ങളാണ് പ്രശ്ന പരിഹാരത്തിന് ഏറ്റവും ഉചിതമെന്നും അഭിപ്രായപ്പെട്ടു.

✪✪✪

ഇറാൻ വിഷയം ചർച്ച ചെയ്യാൻ യുഎൻ രക്ഷാസമിതിയുടെ അടിയന്തര യോഗം നാളെ ചേരും. യോഗം ചേരണമെന്ന ഇറാന്റെ ആവശ്യത്തെ ചൈന, പാകിസ്ഥാൻ, റഷ്യ എന്നിവ പിന്തുണച്ചു. ഇറാൻ വിഷയത്തിൽ യുഎൻ രക്ഷാസമിതിയുടെ രണ്ടാമത്തെ അടിയന്തര യോഗമാണ് നാളത്തേത്.

✪✪✪

രാജ്യരക്ഷാ സെക്രട്ടറി രാജേഷ് കുമാർ സിംഗ്, ഇസ്രയേൽ രാജ്യരക്ഷാ ഡയറക്ടർ ജനറൽ അമീർ ബറാമുമായി ടെലഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ പുതിയ സാഹചര്യം ഇരുവരും ചർച്ച ചെയ്തതായി രാജ്യരക്ഷാ സെക്രട്ടറി അറിയിച്ചു.

✪✪✪

ചരിത്രപ്രാധാന്യമേറിയ ക്രൊയേഷ്യ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലേക്ക് യാത്ര തിരിച്ചു. സന്ദർശന വേളയിൽ ക്രൊയേഷ്യൻ പ്രധാനമന്ത്രി ആന്ദ്രേ പ്ലെൻകോവികുമായും പ്രസിഡന്റ് സൊറാൻ മിലാനോവികുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തുകയും നാല് കരാറുകളിൽ ഒപ്പുവെയ്ക്കുകയും ചെയ്തു.

✪✪✪

വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡുകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന്, തിരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ പ്രവർത്തന മാനദണ്ഡം നിശ്ചയിച്ചു. പട്ടികയിൽ മാറ്റങ്ങൾ പുതുക്കിയാൽ 15 ദിവസത്തിനകം പുതിയ കാർഡുകൾ ലഭ്യമാക്കും. ഇതിലെ പുരോഗതി ട്രാക്ക് ചെയ്യാൻ സംവിധാനവും ഏർപ്പെടുത്തും. ഓരോ ഘട്ടത്തിന്റെയും അറിയിപ്പുകൾ വോട്ടർമാർക്ക് SMS ആയി ലഭിക്കും.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ 55-ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് ആശംസകൾ നേർന്നു. രാഹുലിന് ദീർഘായുസ്സും ആരോഗ്യവും നേരുന്നതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കേന്ദ്രമന്ത്രിമാരായ

രാജ്നാഥ് സിംഗും, നിതിൻ ഗഡ്കരിയും ഉൾപ്പെടെ മന്ത്രിമാരും രാഹുലിന് ജന്മദിനാശംസകൾ നേർന്നു.

✪✪✪

കേരളത്തിന്റെ വായനാ ചരിത്രത്തോടൊപ്പം ചേർത്തു വയ്ക്കേണ്ട പേരാണ് ഗ്രന്ഥശാലാ പ്രസ്ഥാനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 30-ാമത് P.N പണിക്കർ ദേശീയ വായനാ ദിനാഘോഷങ്ങൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വായനയുടെ കാലം കഴിയുകയല്ലെന്നും, വായന മാറ്റങ്ങൾ ഉൾകൊള്ളുകയാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെമ്പാടും ഗ്രന്ഥശാലകൾ രൂപീകരിക്കുന്നതിനും അവയ്ക്ക് പ്രോത്സാഹനം നൽകുന്നതിനും P.N പണിക്കർ നടത്തിയ പരിശ്രമങ്ങൾ കേരള ചരിത്രത്തിന്റെ ഭാഗമാണെന്നും, അദ്ദേഹത്തിന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി V.ശിവൻകുട്ടി, BJP നേതാവ് കുമ്മനം രാജശേഖരൻ, P.N പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ N. ബാലഗോപാൽ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ഇന്ന് ലോക സിക്കിൾ സെൽ രോഗ അവബോധ ദിനം. സിക്കിൾ സെൽ അഥവാ അരിവാൾ രോഗത്തെക്കുറിച്ചും അവരുടെ കുടുംബങ്ങളെപ്പറ്റിയും, രോഗികളെ പരിചരിക്കുന്നവർ നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും അവബോധം വർദ്ധിപ്പിക്കാനാണ് എല്ലാ വർഷവും ജൂൺ 19 സിക്കിൾ സെൽ അനീമിയ ദിനമായി ആചരിക്കുന്നത്. ജനിതക കാരണങ്ങളാൽ ചുവന്ന രക്താണുക്കൾക്ക് രൂപമാറ്റവും സ്വഭാവ മാറ്റവും വന്നാലുണ്ടാകുന്ന ഒരവസ്ഥയാണ് അരിവാൾ രോഗം.സംസ്ഥാനത്ത് വിവിധ ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

പാലക്കാട് മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ച സംഭവത്തിൽ മന്ത്രി AK ശശീന്ദ്രൻ അനുശോചിച്ചു. പ്രദേശത്തെ ജനങ്ങളുമായി സംസാരിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാ കലക്ടർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡനും നിർദേശം നൽകിയതായി മന്ത്രി പാലക്കാട്ട് മാധ്യമങ്ങളോട് പറഞ്ഞു.

വനം വകുപ്പ് ഉദ്യോഗസ്ഥർ പടക്കം എറിഞ്ഞാണ് ആനകളെ തുരത്തിയിരുന്നത്. ഇത് പഴഞ്ചൻ രീതിയാണ്. ഇതിന് പകരം ഇന്ന് മുതൽ ആനകളെ തുരത്താൻ പമ്പ് ആക്ഷൻ ഗൺ ഉപയോഗിക്കും. ഇതിന്റെ ആദ്യ പരീക്ഷണം ഇന്ന് മുണ്ടൂരിൽ നടക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പുകൾക്ക് 39 കോടി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി V ശിവൻകുട്ടി വാർത്താക്കുറിപ്പിൽ അറിയിച്ചു.

32 സ്കൂളുകളുടെ ശേഷിക്കുന്ന അറ്റകുറ്റപ്പണികൾക്ക് 16 കോടി 80 ലക്ഷം രൂപ നൽകും. സ്കൂൾ കലോത്സവത്തിന് ഏഴരക്കോടി രൂപ ബജറ്റും വകയിരുത്തി. പരീക്ഷാഭവന്റേയും, DEO / AEO ഓഫീസുകളുടേയും നവീകരണത്തിന് ഏഴ് കോടി രൂപയും അനുവദിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് നിർമ്മാണം, പുനരുദ്ധാരണം, നവീകരണം എന്നിവയ്ക്ക് ആറരക്കോടി രൂപയും നൽകും.

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിന് അവശത പെൻഷൻ ഇനത്തിൽ രണ്ടു കോടി രൂപ അനുവദിച്ചതായും മന്ത്രി അറിയിച്ചു.

✪✪✪

ഗവൺമെന്റ് സ്വീകരിച്ച ബഹുമുഖ പദ്ധതികൾ കായിക മേഖലയെ മാറ്റിമറിക്കുന്നതോടൊപ്പം അത്‌ലറ്റുകളുടെ ജീവിതം മെച്ചപ്പെടുത്തിയതായും പാരാ അത്‌ലറ്റും ഏഷ്യൻ പാരാലിമ്പിക് കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് ബോർഡ് അംഗവുമായ ദീപ മാലിക് ആകാശവാണിയോട് പറഞ്ഞു. കേന്ദ്രത്തിൽ NDA ഗവൺമെന്റ് 11 വർഷം പൂർത്തിയാക്കുമ്പോൾ ഇന്ത്യയുടെ കായിക മേഖല മികച്ച പരിവർത്തനത്തിന് വിധേയമായതായി അവർ വിലയിരുത്തി.

✪✪✪

ടൈംസ് ഉന്നതവിദ്യാഭ്യാസ റാങ്കിംഗിൽ കൊച്ചി ശാസ്ത്ര -സാങ്കേതിക സർവകലാശാല ഇന്ത്യയിൽ 17-ാം സ്ഥാനവും കേരളത്തിൽ ഒന്നാം സ്ഥാനവും നേടി. ആഗോള റാങ്കിംഗിൽ 401-600 ബാൻഡിൽ ഇടം നേടിയതായും മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.

✪✪✪

കണ്ണൂർ തളിപ്പറമ്പിൽ 60,000 രൂപയുടെ 39.6 ഗ്രാം MDMA യുമായി ഒരാൾ അറസ്റ്റിലായി. കോഴിക്കോട് വാണിമേൽ കൊടിയൂറ സ്വദേശി ഹഫീസാണ് പിടിയിലായത്.

ഇന്നലെ അർദ്ധരാത്രിയോടെ തളിപ്പറമ്പ് നഗരസഭാ ബസ്സ്റ്റാന്റിലെ പൊലിസ് എയ്ഡ് പോസ്റ്റിന് സമീപം റൂറൽ ഡാൻസാഫ് സംഘമാണ് ഇയാളെ വലയിലാക്കിയത്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ മൂന്നാമത്തെ ആരാധനയായ രേവതി ആരാധന നാളെ. പ്രധാന ചടങ്ങായ ഇളിന്നീരാട്ടം രാവിലെ വരെ തുടർന്നു. അഭിഷേകം ചെയ്ത ഇളന്നീരുകൾ ഭക്തർക്ക് പ്രസാദമായി നൽകി.

✪✪✪

വയനാട്ടിലെ മേപ്പാടി പള്ളിത്തോട്ടത്തിൽ എത്തിയ കാട്ടാനക്കൂട്ടത്തെ തുരത്താൻ വനംവകുപ്പ് RRT സംഘം പരിശോധന തുടങ്ങി. സെന്റ് ജോസഫ് സ്കൂളിന് പിന്നിലാണ് കാട്ടാന കൂട്ടം എത്തിയിരിക്കുന്നത് . വൈകുന്നേരത്തോടെ കാട്ടാനകളെ തുരത്താൻ നടപടി ആരംഭിക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT:അനിൽ ചന്ദ്രൻ*
*DEO: ഷീബ*